# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 23 | 2016 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് –1


ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidanam@gmail.com


### ശരണ മന്ത്രങ്ങളുമായി റഷ്യൻ സംഘമെത്തി

ശബരിമല: അയ്യപ്പനെ കാണാൻ റഷ്യയിൽ നിന്ന് അവരെത്തുന്നത് തുടർച്ചയായി ഇത് പതിനൊന്നാം വർഷം. ഇന്ത്യൻ ദാർശനിക ചിന്തകളിൽ ആകൃഷ്ടനായി ഹിന്ദുമതം സ്വീകരിച്ച സെന്റ്പീറ്റേഴ്സ്ബർഗ് സ്വദേശി ഇല്ലിയ എന്ന ഇന്ദുചൂഢന്റെ നേതൃത്വത്തിലാണ് സംഘം എത്തിയത്. അദ്ദേഹത്തിന്റെ രണ്ട് മക്കളും സുഹൃത്തുക്കളായ മൂന്ന് പുരുഷന്മാരും ഒരു സ്ത്രീയുമടങ്ങുന്നതായിരുന്നു സംഘം. നാൽപ്പത്തൊന്നു ദിവസത്തെ വ്രതം അടക്കമുള്ള ആചാരങ്ങളെല്ലാം പാലിച്ചായിരുന്നു മലകയറ്റം.

ശരണമന്ത്രങ്ങൾ സ്ഫുടമായി ഉച്ചരിക്കുന്ന റഷ്യൻ സംഘം മറ്റ് ഭക്തർക്ക് കൗതുകമായി. ഇടുക്കിയിലെ ഒരു വേദപഠന കേന്ദ്രത്തിൽ നിന്നാണ് ഇല്ലിയ ആധ്യാത്മിക വിഷയങ്ങളിൽ പഠനം നടത്തിയത്. തുടർന്ന് ഹിന്ദുമതം സ്വീകരിച്ചു. പേര് ഇന്ദുചൂഢനെന്നു മാറ്റി. സ്വന്തം നാട്ടിൽ അദ്ദേഹത്തിൽ നിന്ന് വേദപാഠങ്ങൾ പഠിക്കാൻ ഒട്ടേറെപ്പേരുണ്ടായി. ഇപ്പോൾ നാട്ടിലെ ബിസിനസ്സിനൊപ്പം ആധ്യാത്മിക ചിന്തകളും പ്രവർത്തനങ്ങളും നടത്തുന്നു. തുടർന്നുള്ള എല്ലാ മണ്ഡലകാലത്തും അയ്യപ്പദർശനം നടത്തുമെന്നും നാട്ടിൽ ഒട്ടേറെപ്പേർക്ക് തന്റെ പ്രവർത്തനങ്ങൾ പ്രചോദനമാണെന്നും അദ്ദേഹം പറയുന്നു. കൊച്ചി സ്വദേശി മഹേശനാണ് പെരിയസ്വാമി. കഴിഞ്ഞ കുറെ വർഷങ്ങളായി റഷ്യൻ സ്വാമിമാരുമായി മലയിലെത്തുന്നത് മഹേശന് സ്വാമിയാണ്.




# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER 23 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ് –2

ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidanam@gmail.com

### ആരോഗ്യപ്രവർത്തനം ഊർജിതമാക്കി

ശബരിമല: കൊതുകുനശീകരണത്തിന്റെ ഭാഗമായി സന്നിധാനത്ത് ഫോഗിങ്ങിന്റെ ആദ്യഘട്ടം ആരംഭിച്ചു. കൊതുക് കൂടുതലായി കാണപ്പെടുന്ന പൊലീസ് ബാരക്ക്, വിശുദ്ധിസേനാംഗങ്ങളുടെ ക്യാമ്പ് എന്നിവ കേന്ദ്രീകരിച്ചായിരുന്നു ഫോഗിങ്. കൊതുകുപ്രജനന കേന്ദ്രങ്ങളുടെ ഉറവിട നശീകരണവും കൂത്താടികളുടെ നശീകരണത്തിനായി സ്പ്രേയിങ്ങും നടത്തുന്നുണ്ട്.

ഇതരസംസ്ഥാന തൊഴിലാളികളുടെ രക്തസാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. ഭക്ഷണവിതരണ കേന്ദ്രങ്ങളിൽ ആരോഗ്യവിഭാഗം അടിക്കടി പരിശോധന നടത്തുന്നതിനൊപ്പം ആവശ്യമായ നിർദേശങ്ങളും നൽകുന്നുണ്ട്. ഭക്ഷണപദാർഥങ്ങൾ കൈകാര്യം ചെയ്യുന്നവർ എത്രയും വേഗം ആരോഗ്യകാർഡ് എടുക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ലാബ് പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കാൻ തൊഴിലുടമകൾക്കും നിർദേശം നൽകി.

ഹെൽത്ത് ഇൻസ്പെക്ടർ കെ.കെ.സന്തോഷ്, ജെ.എച്ച്.ഐ.മാരായ സി.സി.ജയൻ, ലിജുമോൻ ജേക്കബ്, ഫീൽഡ് വർക്കർമാരായ അനിൽകുമാർ, ശിവപ്രസാദ് എന്നിവരുടെ നേതൃത്വത്തിലാണ് സന്നിധാനത്ത് പൊതുജനാരോഗ്യ പ്രവർത്തനം നടന്നുവരുന്നത്.

### എക്സൈസ് മിന്നൽ പരിശോധന ഊർജിതം
### ഒരാഴ്ച്ചയ്ക്കിടെ 136 കേസുകൾ

ശബരിമല: ശബരിമല സന്നിധാനത്തും മരക്കൂട്ടം എന്നിവടങ്ങളിൽ എക്സൈസ് വകുപ്പ് നടത്തുന്ന മിന്നൽ പരിശോധന ഊർജിതമായി. കഴിഞ്ഞ ഒരാഴ്ച്ചയ്ക്കിടെ 136 കേസുകളാണ് പരിശോധനയിൽ പിടിച്ചത്. പുകയില ഉൽപ്പന്നങ്ങളായ ഹാൻസ്സ സിഗരറ്റ്, ബീഡി എന്നിവ വിൽപ്പനയ്ക്കായി സൂക്ഷിച്ചതിനും പുകവലിച്ചതിനുമായിരുന്നു കേസുകൾ. 27200 രൂപ ഈയിനത്തിൽ പിഴയീടാക്കിയിട്ടുണ്ട്. 140 പാക്കറ്റ് ഹാൻസ്, 2250 കെട്ട് ബീഡി, 1300 സിഗരറ്റ്, 1.5 കിലോ പുകയില എന്നിവ പിടികൂടിയതിൽപെടും. എക്

സൈസ് സർക്കിൾ ഇൻസ്പെക്ടർ ഡി.മധുസൂദനൻപിള്ള, ഇൻസ്പെക്ടർമാരായ ബെന്നി ജോർജ്, എം.സുരേന്ദ്രൻ, അസി.ഇൻസ്പെക്ടർ ടി.കുഞ്ഞികൃഷ്ണൻ എന്നിവരാണ് മിന്നൽപരിശോധനയ്ക്ക് നേതൃത്വം നൽകിയത്.

## സന്നിധാനത്തുള്ള പാഴ്ജലം ശുദ്ധീകരിച്ച് പമ്പയിലേക്ക് ഒഴുക്കാൻ നടപടി

ശബരിമല: സന്നിധാനത്തു നിന്നുള്ള മാലിന്യം കലർന്ന വെള്ളം പമ്പയിലെത്തുന്നത് തടയാൻ പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചു. സന്നിധാനത്തു തന്നെ ശുദ്ധീകരിച്ച വെള്ളമാകും ഇനി പമ്പാ നദിയിലേക്ക് ഒഴുക്കുക. ഇതാദ്യമായാണ് ഇത്തരമൊരു സംവിധാനം സന്നിധാനത്ത് ഒരുക്കുന്നത്.

സന്നിധാനത്തെ ഹോട്ടലുകളിൽ നിന്നും ടോയ്ലറ്റുകളിൽ നിന്നുമുള്ള വെള്ളം ഒഴുകി ഞൊണങ്ങാറിലെത്തി പമ്പയിൽ കലരുന്നത് ഒട്ടേറെ മാലിന്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പമ്പാനദിയിലെ കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി വർധിക്കാൻ ഇത് കാരണമാകുന്നു. ഇത് നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ബെയിലി പാലത്തിന് സമീപം തടയണകെട്ടി മലിനജലത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഇവിടെ തടഞ്ഞു നിർത്തുന്ന വെള്ളം ഡീസൽ പമ്പുപയോഗിച്ച് മാലിന്യ സംസ്കരണ പ്ലാന്റിലേക്ക് പമ്പു ചെയ്യും. പ്ലാന്റിൽ ഏറെക്കുറെ ശുചീകരിച്ച ശേഷം ഒഴുക്കി വിടും. ഈ വെള്ളം ഞൊണങ്ങാറിലൂടെ പമ്പാനദിയിലെത്തും. പമ്പാനദിയിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ആദ്യമായാണ് സന്നിധാനത്തു നിന്നുള്ള പാഴ്ജലം സംസ്കരിക്കുന്ന സംവിധാനം നടപ്പാക്കുന്നതെന്ന് പൊതുമരാമത്ത് വകുപ്പ് അസി. എഞ്ചിനീയർ ജി.ബസന്ത്കുമാർ അറിയിച്ചു.

## സ്ക്വാഡ് പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നു: ഭക്തർക്ക് പരാതിപ്പെടാൻ ടോൾഫ്രീ നമ്പർ

ശബരിമല: അയ്യപ്പന്മാർക്ക് വൃത്തിയും വെടിപ്പുമുള്ള നടവഴികളും മിതമായ വിലയ്ക്ക് സാധനസാമഗ്രികളുടെ ലഭ്യതയും ശുദ്ധമായ ഭക്ഷണവും ഉറപ്പാക്കാൻ സ്ക്വാഡ് പ്രവർത്തനം ഊർജിതമാക്കിയതായി സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റ് രാജചന്ദ്രൻനായർ അറിയിച്ചു. അമിതവില, അളവ് കുറവ് തുടങ്ങിയവ സംബന്ധിച്ച് ഭക്തർക്ക് പരാതികളുണ്ടെങ്കിൽ ടോൾഫ്രീനമ്പരിൽ വിളിച്ചറിയിച്ചാൽ കർശന നടപടികൾ സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. 1800 425 1606 എന്ന നമ്പരിലാണ് വിളിച്ചറിയിക്കേണ്ടത്. ഈ നമ്പരും വിശദാംശങ്ങളും എല്ലാ കടകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

വസ്തുകളുടെ വിലയെല്ലാം മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ളതാണ്. വിലവിവര പട്ടിക എല്ലാ കടകളിലും പ്രദർശിപ്പിച്ചിട്ടുമുണ്ട്. ഇതനുസരിച്ചുള്ള വിലയ്ക്ക് തുല്യമായ അളവിലും മേന്മയിലും സാധനങ്ങളും സേവനങ്ങളും ലഭിക്കാൻ അയ്യപ്പൻമാർക്ക് എല്ലാ അവകാശമുണ്ടെന്നും ക്രമക്കേട് നടത്തുന്നവർക്കെതിരെ കർശന നടപടി എടുക്കുമെന്നും ഡ്യൂട്ടി മജിസ്ട്രേറ്റ് പറഞ്ഞു.

നടതുറന്നതുമുതൽ നാളിതുവരെ അത്തരത്തിലുള്ള ക്രമക്കേട് കണ്ടെത്തി 21,000 രൂപ പിഴ ഈടാക്കി. അരലക്ഷത്തിലേറെ രൂപ വില വരുന്ന നിരോധിത പുകയില ഉൽപങ്ങളും പിടികൂടി നശിപ്പിച്ചു. ഡ്യൂട്ടി മജിസ്ട്രേറ്റ്, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ജി.വി ഹരിഹരൻനായർ, അഭിലാഷ് കെ.എസ്, ഷാജി.പി.എം, പി.എ സജീവ് കുമാർ, പി.എൻ മോഹനൻ എന്നിവരടങ്ങിയ ടീമാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

## സ്ക്വാഡ് പ്രവർത്തനം 24 മണിക്കൂറും

ശബരിമല:ഡെപ്യൂട്ടി തഹസിൽദാർ, വില്ലേജ് ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, അസിസ്റ്റന്റ് , പോലീസ് എന്നിവരടങ്ങിയ സ്ക്വാഡാണ് സന്നിധാനം മുതൽ അപ്പാച്ചിമേട് വരെയുള്ള സ്ഥലത്ത് 24 മണിക്കൂറും സ്ക്വാഡ് പ്രവർത്തനം നടത്തി ക്രമ

ക്കേട് കണ്ടെത്തുന്നത്. ഹെൽത്ത് ഇൻസ്പെക്ടറും റേഷനിങ് ഇൻസ്പെക്ടറും അടങ്ങുന്ന സ്ക്വാഡ് ആഹാര സാധനങ്ങളുടെ വൃത്തിയും ശുദ്ധിയും ഗുണനിലവാരവും പരിശോധിക്കുന്നു. ആഹാരസാധനങ്ങളിൽ മായം കലർന്നിട്ടുണ്ടോ എന്ന പരിശോധന ഫുഡ് സേഫ്റ്റി ഓഫീസറുടെ നേതൃത്വത്തിലുള്ള ടീമാണ് നടത്തുന്നത്.

## സന്നിധാനവും പരിസരവും ശുചിയാക്കാൻ 300 പേർ

ശബരിമല: സന്നിധാനവും പരിസരവും വൃത്തിയാക്കുന്നത് 300 അംഗ സംഘം. ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ മേൽനോട്ടത്തിൽ ഒമ്പത് മേഖലകളായി തിരിച്ചാണ് രാവും പകലും ശുചീകരണം.

വിവിധ സർക്കാർ വകുപ്പുകളിലെ ഒമ്പത് ഉദ്യോഗസ്ഥർ അടങ്ങിയ സംഘമാണ് തിരുമുറ്റം, നടപ്പന്തൽ, ഭസ്മക്കുളം, ബെയിലി പാലം, പാണ്ടിത്താവളം, നടപ്പന്തൽ മുതൽ മരക്കൂട്ടം വരെയുള്ള സ്ഥലം, സബ് വേ, ശരംകുത്തി, ചരൽമേട് വരെയുള്ള സ്വാമി അയ്യപ്പൻ റോഡ് എന്നിവടങ്ങളിൽ നിത്യവും നടക്കുന്ന ശുചീകരണപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുത്. നടപ്പന്തൽ, തിരുമുറ്റം, ഭസ്മക്കുളം പാണ്ടിത്താവളം എന്നിവിടങ്ങളിൽ രാവും പകലും ശുചിയാക്കും. ബാക്കി സ്ഥലങ്ങളിൽ രാവിലെ ആറുമുതൽ വൈകിട്ട് ആറു വരെയുള്ള സമയത്താണ് ശുചീകരണം.

## പാത്രങ്ങൾക്ക് നിശ്ചയിച്ച വില നിലവാരം

ശബരിമല: ശബരിമല തീർത്ഥാടന കാലയളവിൽ പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ നിശ്ചയിച്ചിട്ടുള്ള വില നിലവാരം ഇനി പറയുന്നു. സ്റ്റീൽ പാത്രങ്ങൾക്ക് കിലോയ്ക്ക് പമ്പയിൽ 300 രൂപയും സന്നിധാനത്ത് 320 രൂപയും, അലൂമിനിയം പാത്രങ്ങൾക്ക് പമ്പയിൽ 260 രൂപയും സന്നിധാനത്ത് 280 രൂപയും, പിത്തള പാത്രങ്ങൾക്ക് പമ്പയിൽ 600 രൂപയും സന്നിധാനത്ത് 630 രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ കൂടുതൽ തുക ഈടാക്കിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് ജില്ല കളക്ടർ അറിയിച്ചു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 23 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ് –3

ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidanam@gmail.com

### ശബരിമലയിലെ കൊക്ക–കോള നിർമാണം നിർത്താൻ ഉത്തരവ്

ശബരിമല: ശബരിമലയിലെ കൊക്ക–കോള വെൻഡിങ് മെഷീനുകളുടെ പ്രവർത്തനം അടിയന്തരമായി നിർത്തിവയ്ക്കാൻ ഭക്ഷ്യസുരക്ഷ വിഭാഗം ഉത്തരവിട്ടു. ഭക്ഷ്യസുരക്ഷ അസിസ്റ്റന്റ് കമ്മിഷണർ കെ.അജിത്കുമാറിന്റെ നേതൃത്വത്തിലുള്ള പ്രത്യേക സംഘത്തിന്റെ പരിശോധനയെ തുടർന്നാണ് ഉത്തരവ്. സന്നിധാനം, പമ്പ പരിസരങ്ങളിലായി ഭക്ഷ്യസുരക്ഷ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പാനീയങ്ങളുടെ നിർമാണവും വിതരണവുമെന്നാണ് കണ്ടെത്തൽ.

ജലത്തിന്റെ ശുദ്ധത ഉറപ്പാക്കാതെയും പാനീയങ്ങളിൽ ഉപയോഗിക്കുന്ന ചേരുവകളുടെ ഗുണനിലവാര പരിശോധന റിപ്പോർട്ട് ഇല്ലാതെയുമാണ് ഇത്തരം വെൻഡിങ് മെഷീനുകൾ പ്രവർത്തിക്കുന്നതെന്നാണ് കണ്ടെത്തലിന്റെ പശ്ചാത്തലത്തിലാണ് നിരോധന ഉത്തരവ്.

### ശബരിമല വെബ്സൈററ് ഉദ്ഘാടനം ഇന്ന്

ശബരിമല: ശബരിമല ക്ഷേത്രത്തിന്റെ ഔദ്യോഗിക വെബ്സൈററിന്റെ ഉദ്ഘാടനം ഇന്ന് (നവം.24) വൈകിട്ട് നാലിന് സന്നിധാനത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ പ്രകാശനം ചെയ്യും. . യൂ ട്യൂബിന്റെ സമർപ്പണം ദേവസ്വം ബോർഡ് മെമ്പർ അജയ് തറയിലും, ഫെയ്സ് ബുക്ക് പ്രകാശനം ദേവസ്വം ബോർഡ് അംഗം കെ. രാഘവനും നിർവ്വഹിക്കും.

ശബരിമല സംബന്ധമായ സമ്പൂർണ്ണ വിവരങ്ങളടങ്ങുന്ന ദേവസ്വം ബോർഡിന്റെ ഔദ്യോഗിക വെബ്സൈററാണ് സമർപ്പിക്കുന്നതെന്ന് ബോർഡംഗം അജയ് തറയിൽ അറിയിച്ചു. ലോകം മുഴുവനുമുള്ള ഭക്തർക്ക് തൽസമയം ശബരിമലയെ പററി മനസ്സിലാക്കാനും ശബരിമലയിൽ നടക്കു പൂജകളും, ആചാരങ്ങളും ആഘോഷങ്ങളും അടുത്ത് അറിയാനും ആധുനികമായ സാമൂഹ്യ മാധ്യമം ഉപയോഗിക്കുതിന്റെ ഭാഗമായാണ് വെബ്സൈറ്റെന്ന് അദ്ദേഹം പറഞ്ഞു.

ഫെയ്സ് ബുക്കും യൂ ട്യൂബും ഇന്നുതന്നെ ആരംഭിക്കും. ശബരിമലയെക്കുറിച്ചുള്ള ഒരു മൊബൈൽ ആപ്പ് ഇപ്പോൾ നിലവിലുണ്ട്. ശബരിമല മണ്ഡല പൂജ മകരവിളക്ക് തീർത്ഥാടന മഹോൽസവം പൂർണ്ണമായും ജനമധ്യത്തിൽ സുതാര്യമായി അവതരിപ്പിക്കാനാണ് ദേവസ്വം ബോർഡ് സമൂഹ മാധ്യമങ്ങളെ അവലംബിക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി.

ശബരിമലയിൽ നടക്കുന്ന എല്ലാ പരിപാടികളും തൽസമയം അഞ്ച് വെബ് കാമറകളിലൂടെ 24 മണിക്കൂറും കാണാൻ കഴിയും വിധമുള്ള സംവിധാനവും തിരുവിതാംകൂർ ദേവസ്വം ബോർഡ് ഒരുക്കുന്നുണ്ട്. ആദ്യ പടിയെന്നോണം ഇംഗ്ലീഷിലാണ് വെബ്സൈററ്. തുടർന്ന് മലയാളം, ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ എന്നീ അഞ്ചുഭാഷകൾ കൂടി ഉൾക്കൊള്ളിച്ച് ആകെ ആറു ഭാഷകളിൽ സൈററ് അപ്‌ലോഡ് ചെയ്യും. ശബരിമലയിലെ എല്ലാ വിവരങ്ങളും അതോടൊപ്പം അനുബന്ധ അമ്പലങ്ങളായ പമ്പ, നിലയ്ക്കൽ, എരുമേലി, കുളത്തൂപുഴ, ആര്യങ്കാവ്, അച്ചൻകോവിൽ എന്നിവിടങ്ങളിലെ വിശദവിവങ്ങളും വെബ്സൈററിൽ ഉണ്ടാകും. തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി സി–ഡിററ് ആണ സൈററ് രൂപകൽപന ചെയ്തത്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.
(

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ / NOVEMBER 23 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ് -4

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

### മാളികപ്പുറത്ത് ഭക്തജനത്തിരക്കേറുന്നു

ശബരിമല: മാളികപ്പുറം ക്ഷേത്ര സന്നിധിയിൽ ഭക്തജനങ്ങളുടെ തിരക്ക് വർധിച്ചു. അയ്യപ്പനുമായി ബന്ധപ്പെട്ട ഐതിഹ്യത്തിൽ പ്രധാനപ്പെട്ടതാണ് മാളികപ്പുറവും. ഭക്തർക്കുള്ള ഇവിടത്തെ ക്രമീകരണങ്ങൾ പൂർണമാണെന്ന് മാളികപ്പുറം മേൽശാന്തി പുതുമന മനു നമ്പൂതിരി അറിയിച്ചു. അയ്യപ്പനാൽ വധിക്കപ്പെട്ട മഹിഷി മാളികപ്പുറമായി മാറിയെന്നാണ് ഐതിഹ്യം.

കന്നി അയ്യപ്പന്മാർ വരാത്ത മണ്ഡല കാലത്ത് വിവാഹം ചെയ്യാമെന്ന് മാളികപ്പുറത്തിന് അയപ്പൻ ഉറപ്പ് നൽകിയിട്ടുണ്ട്. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ കന്നി അയ്യപ്പന്മാർ വന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് മാളികപ്പുറത്തെ ദേവീ ചൈതന്യത്തെ ശരംകുത്തി വരെ എഴുന്നള്ളിക്കുന്ന ചടങ്ങുണ്ട്. മുൻ വർഷങ്ങളിൽ ആനപ്പുറത്തായിരുന്നു എഴുന്നള്ളിപ്പ്. ഇത്തവണ ഹൈക്കോടതി ഉത്തരവിനെ തുടർന്ന് ആനപ്പുറത്തുള്ള എഴുന്നള്ളത്ത് നിറുത്തി.

പകരം ജീവിത എന്ന പേരിൽ പല്ലക്കിന് സമാനമായ ഉപകരണത്തിലാണ് ദേവീ ചൈതന്യത്തെ എഴുന്നള്ളിച്ചത്. കന്നി അയ്യപ്പന്മാർ ശരംകുത്തിയിൽ ശരംകുത്തുന്ന പതിവുണ്ട്. ഇതു കണ്ട് കന്നി അയ്യപ്പന്മാർ വന്നിട്ടുണ്ടെന്ന് മനസിലാക്കി ദേവി ക്ഷേത്രത്തിലേക്ക് മടങ്ങുന്നതായാണ് സങ്കൽപ്പം.

മഞ്ഞൾ, പട്ട്, വിവാഹം നടക്കാൻ താലി, സാരി തുടങ്ങിയവ കാണിക്കയായി മാളികപ്പുറത്തിന് സമർപ്പിക്കാറുണ്ട്. രാവിലെ മൂന്നിന് നടതുറക്കും. രാത്രി 11ന് ഹരിവരാസരം കഴിയുമ്പോൾ മാളികപ്പുറത്തും നട അടയ്ക്കും. ദിവസവും വൈകിട്ട് ഏഴ് മണിക്ക് മാളികപ്പുറം മേൽശാന്തി അയ്യപ്പസന്നിധിയിലെത്തി പണക്കിഴി സമർപ്പിക്കുന്ന ചടങ്ങുണ്ട്. അതിനു ശേഷം ശബരിമല തന്ത്രിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി ക്ഷേത്രത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ധരിപ്പിക്കും.

### സന്നിധാനത്ത് കലാപരിപാടി അവതരിപ്പിക്കാം

ശബരിമല: സന്നിധാനത്ത് വലിയ നടപ്പന്തലിലുള്ള സ്റ്റേജിൽ കലാപരിപാടികൾ

അവതരിപ്പിക്കാൻ ദേവസ്വം ബോർഡ് സൗകര്യങ്ങൾ ഏർപ്പെടുത്തും. സൗണ്ട് സിസ്റ്റം ഓഡിറ്റോറിയത്തിൽ ലഭ്യമാക്കും. കർട്ടനും അനുബന്ധ സംവിധാനങ്ങളും കലാകാരന്മാർ കരുതണം. ഭരതനാട്യം, ഭജന, ഭക്തിഗാനമേള തുടങ്ങിയ കലകളും കളിരിപ്പയറ്റു പോലുള്ള കായികകലാരൂപങ്ങളും അവതരിപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് മുരളി കോട്ടയ്ക്കകം, പബ്ലിക് റിലേഷൻസ് ഓഫീസർ, ശബരിമല എന്ന വിലാസത്തിൽ ബന്ധപ്പെടാം. ഫോൺ– 04735 202048, 9446446464.

## അനാരോഗ്യകരമായ ഭക്ഷണം: ഹോട്ടലുകൾക്കെതിരെ നടപടി

ശബരിമല: അനാരോഗ്യകരമായ ഭക്ഷണ പദാർത്ഥങ്ങൾ വിൽപ്പന നടത്തിയതിന് നിലക്കലും പരിസരപ്രദേശങ്ങളിലുമായുള്ള അഞ്ച് ഹോട്ടലുകൾക്കെതിരെ നിലക്കൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നേതൃത്വത്തിലുള്ള സ്ക്വാഡ് നടപടിയെടുത്തു. പഴകിയ ഭക്ഷണം, ശുചിത്വമില്ലാത്ത പാചകസ്ഥലം, അമിത ചാർജ്ജ് ഈടാക്കൽ എന്നീ കുറ്റങ്ങൾക്കാണ് നടപടി. ഹോട്ടലുടമകളിൽ നിന്ന് പിഴയായി 12,500 രൂപ ഈടാക്കി താക്കീത് നൽകി.

ജില്ല കളക്ടറുടെ നിർദ്ദേശ പ്രകാരമാണ് സ്ക്വാഡ് പ്രവർത്തിക്കുന്നത്. എക്സിക്യൂട്ടീവ് മജിസ്ട്രേട്ട് സന്തോഷ് കുമാർ എസ്, ഡെ.തഹസിൽദാർ സി.കെ.സുകുമാരൻ, റേഷനിംഗ് ഇൻസ്പെക്ടർ ബെന്നി പി ജോർജ്ജ്, ഹെൽത്ത് ഇൻസ്പെക്ടർ രവികുമാർ ആർ, ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥർ ശ്രീകുമാർ എസ്, എം.നഹാസ്, മനോജ് ടി.പി. എന്നിവർ സ്കാഡിൽ ഉണ്ടായിരുന്നു.

പമ്പ ആരോഗ്യ വിഭാഗം പമ്പയിലും പരിസരത്തും 12 ഹോട്ടലുകളിൽ മിന്നൽ പരിശോധന നടത്തി. മാലിന്യ സംസ്കരണത്തിൽ വീഴ്ച വരുത്തിയ രണ്ട് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. ഹെൽത്ത് കാർഡില്ലാത്ത ജീവനക്കാർ നിർബന്ധമായും ഉടൻ ഹെൽത്ത് കാർഡ് ഉറപ്പുവരുത്തണമെന്നും ഹെൽത്ത് കാർഡില്ലാത്തവർക്ക് തൊഴിൽ നൽകുന്ന കട ഉടമകൾക്കെതിരെ നിയമ നടപടി സ്വീകരിക്കുമെന്നും അറിയിച്ചു.

ഹോട്ടലുകളിൽ നിന്നും തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കാൻ കൊടുക്കാവാൻ പാടുള്ളു എന്നും കർശന നിർദ്ദേശം നൽകി. പരിശോധന നടത്തിയ 12 സ്ഥാപനങ്ങളിൽ നിന്നും ജലശുചിത്വം ഉറപ്പുവരുത്തുന്നതിന് സാമ്പിൾ ശേഖരിച്ചു.

പരിശോധനയ്ക്ക് ശബരിമല നോഡൽ ആഫീസർ ഡോ. എൽ. അനിതകുമാരി നേതൃത്വം നൽകി. ഹെൽത്ത് സൂപ്പർവൈസർ എ.ടി.തോമസ്സ്. ഹെൽത്ത് ഇൻസ്പെക്ടർ ടി.കെ ശ്രീകുമാർ,രജേഷ്.ജി, ജ്യോതിലാൽ എന്നിവർ പങ്കെടുത്തു.




(തുടരും...)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്